പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6117** **09-07-2013 -ൽ മറുപടിക്ക്**

'മദ്യവിമുക്ത കേരളം' സമഗ്ര ബോധവത്കരണ ക്യാമ്പയിൻ

ചോദ്യം:

ശ്രീ. കെ. വി. വിജയദാസ്

(എ) 'മദ്യവിമുക്ത കേരളം' എന്ന ലക്ഷ്യം വെച്ച് സ്കൂൾ-കോളേജുകളിൽ നടത്തുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച സമഗ്ര ബോധവത്കരണ ക്യാമ്പയിൻ ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്യാമ്പയിൻ നടത്തുന്നതിന് പാലക്കാട് ജില്ലയിൽ ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇതിനായി പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കോങ്ങാട് മണ്ഡലത്തിൽ എല്ലാ സ്കൂളുകളിലും ഈ ക്യാമ്പയിൻ നടത്തുന്നതിന് നടപടി സ്വീകരിച്ചോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം:

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) 'മദ്യവിമുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി, എല്ലാ ജില്ലകളിലെയും സ്കൂൾ, കോളേജ് തലങ്ങളിൽ, എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ, സമഗ്രമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നുണ്ട്. ഇതിന്റെ ഭാഗമായി, സംസ്ഥാനത്തെ 806 സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്.

വിവിധ സന്നദ്ധ സംഘടനകളുടെയും, SPC, NSS, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തമായി നടപ്പിലാക്കി വരുന്നു. എഫ്.എം. റേഡിയോ, സി.സി. ടി.വി. മാധ്യമങ്ങൾ, മാസികകൾ എന്നിവ വഴിയുള്ള പരസ്യം, പോസ്റ്റർ പ്രദർശനം, തെരുവ് നാടകം, കൂട്ട ഓട്ടം, സെമിനാർ, ഡോക്യുമെന്ററി, ബോധവൽക്കരണ ക്ലാസ്, ലഘുലേഖ വിതരണം, മാജിക് ഷോ തുടങ്ങിയ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ, ജില്ലാ കോ-ഓർഡിനേറ്ററായ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ, ജില്ലാ ലെയ്സൺ ഓഫീസറായി എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് സ്പെഷ്യൽ സ്ക്വാഡ് സർക്കിൾ ഇൻസ്പെക്ടറേയും, അസിസ്റ്റന്റ് ലെയ്സൺ ഓഫീസറായി കൊല്ലങ്കോട് റെയ്ഞ്ച് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനായി മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരെയാണ് ബന്ധപ്പെടേണ്ടത്.

(സി) കോങ്ങാട് മണ്ഡലത്തിൽ, 4 സ്കൂളുകളിൽ 'ലഹരി വിരുദ്ധ ക്ലബ്ബ്' രൂപീകരിച്ച്, ലഹരി വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിച്ചു വരുന്നു. ടി മണ്ഡലത്തിലെ മറ്റ് സ്കൂളുകളിലും സമാന പ്രവർത്തനം നടത്തുന്നതിനുള്ള നടപടി ഘട്ടംഘട്ടമായി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ